# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LIII - JK 87** **2025 April 22** **No. 4**


## PASTORAL LETTER - 4

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഇനി ദീപ്തമായ ഓർമ്മ

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2025 ഏപ്രിൽ 21 ഇന്ത്യൻസമയം രാവിലെ 11.05. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ തന്റെ നിത്യസമ്മാനം സ്വീകരിക്കുന്നതിനായി സ്വർഗത്തിലേക്ക് യാത്രയായി. ലോകത്തിന്റെ മനസാക്ഷിയാണ് യാത്രയായത്. ലാളിത്യത്തിന്റെയും കരുണയുടെയും മുഖമായി തിരുസഭയെ നയിച്ചിരുന്ന ഫ്രാൻസിസ് പാപ്പാ ലോകസമാധാനത്തിന്റെ കാവലാളായിരുന്നു. 2013 മർച്ച് 13-ന് റോമാരൂപതയുടെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടതു മുതൽ കഴിഞ്ഞ ഉയിർപ്പുതിരുനാൾദിനംവരെ എല്ലാവർക്കും ഊർജ്ജം പകർന്ന് ക്രിസ്തുവിന്റെ സ്നേഹസാന്നിധ്യമായി ഫ്രാൻസിസ് പാപ്പാ നമ്മെ നയിച്ചു. ലോകത്തെയും ലോകനേതാക്കളെയും അത്ഭുതപ്പെടുത്തുമാറുള്ള ഇടപടലുകൾ നടത്തി. ശക്തമായ നിലപാടുകളെടുത്തു. പാവങ്ങളോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും കുടിയേറ്റക്കാരോടും പ്രവാസികളോടും ചേർന്നുനിന്നു. എല്ലാ

വർക്കുംവേണ്ടി എല്ലാമായിത്തീർന്ന ഒരു മഹാഇടയനായിരുന്നു ഫ്രാൻസിസ് പാപ്പാ.

ഫ്രാൻസിസ് പാപ്പായുടെ തിരഞ്ഞെടുപ്പിന് സാക്ഷിയാകാനും മൂന്നരവർഷക്കാലം 'സാന്താമാർത്താ'യിൽ പാപ്പായോടൊപ്പം ഒരുമിച്ചു വസിക്കാനും എനിക്ക് ഭാഗ്യമുണ്ടായി. അതിന് ഞാൻ ദൈവത്തിന് നന്ദിപറയുന്നു. പലപ്പോഴും ഒരുമിച്ചു ദിവ്യബലിയർപ്പിക്കുവാനും ഒരുമിച്ചു ഭക്ഷണം കഴിക്കുവാനും സാധിച്ചത് ഞാൻ ഓർക്കുന്നു. ലാളിത്യത്തിന്റെ ആൾരൂപമായിരുന്നു ഫ്രാൻസിസ് പാപ്പാ. വി. ഫ്രാൻസിസ് അസ്സീസിയുടെ നാമം സ്വീകരിച്ച് ഫ്രാൻസിസിനെപ്പോലെ ഒരു നിസ്വനായി ഭൂമിയെയും പ്രകൃതിയെയും സ്നേഹിച്ച്, മനുഷ്യരുടെ നന്മയും സാഹോദര്യവും സമാധാനവും സമത്വവും മാത്രം ലക്ഷ്യംവച്ച് സഭയെ നയിച്ച ഫ്രാൻസിസ് പാപ്പായ്ക്ക് പ്രണാമം അർപ്പിക്കുന്നു. പാപ്പായുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

ഫ്രാൻസിസ് പാപ്പായുടെ നിര്യാണത്തെത്തുടർന്ന് ഒമ്പതുദിവസത്തെ ദു:ഖാചരണമാണല്ലോ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ ദിവസങ്ങളിൽ ആഘോഷങ്ങൾ ഒഴിവാക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. തിരുനാളുകളോട് അനുബന്ധിച്ചുള്ള ദിവ്യബലികളും മറ്റു തിരുക്കർമ്മങ്ങളും നടത്താവുന്നതാണ്. വെടിപടക്കങ്ങൾ ഒഴിവാക്കേണ്ടതാണ്. കലാപരിപാടികൾ മാറ്റിവയ്ക്കുകയോ, ഒഴിവാക്കുകയോ ചെയ്യണം. ഫ്രാൻസിസ് പാപ്പായുടെ ആത്മശാന്തിക്കായി ഇടവകകളിലും സ്ഥാപനങ്ങളിലും പ്രത്യേക ദിവ്യബലിയും പ്രാർത്ഥനാശുശ്രൂഷയും നടത്തണമെന്ന് ഞാൻ അറിയിക്കുന്നു. വരാപ്പുഴ അതിരൂപത ഒരു കുടുംബമായി ഒത്തുചേർന്ന് 2025 ഏപ്രിൽ 22 ചൊവ്വാഴ്ച വൈകിട്ട് 5.30 ന് എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ അനുസ്മരണദിവ്യബലിയും പ്രാർത്ഥനാശുശ്രൂഷയും തുടർന്ന് ഹ്യസ്വമായ ഒരു അനുസ്മരണ സമ്മേളനവും നാം നടത്തി. യേശുക്രിസ്തുവിന്റെ സ്നേഹം തന്റെ ജീവിതംകൊണ്ട് നമുക്ക് പങ്കുവച്ച് നല്കിയ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായെ നമുക്ക് സമ്മാനിച്ച ദൈവത്തിന് നമുക്ക് കൃതജ്ഞതയർപ്പിക്കാം. ഫ്രാൻസിസ് പാപ്പായുടെ മൃതസംസ്കാരദിനമായ **2025 ഏപ്രിൽ 26 ശനിയാഴ്ച പ്രത്യേക പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു.**

പരിശുദ്ധ സിംഹാസനം ഒഴിഞ്ഞുകിടക്കുന്ന ഈ കാലയളവിൽ പുതിയ ഒരു പാപ്പാ തിരഞ്ഞെടുക്കപ്പെടുന്നതുവരെ ദിവ്യബലി മധ്യേയുള്ള സ്തോത്രയാഗപ്രാർത്ഥനയിൽ പാപ്പായുടെ പേര് ഒഴിവാക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. തിരുസഭയെ നയിക്കാൻ പുതിയൊരു പാപ്പായെ താമസംവിനാ നല്കി അനുഗ്രഹിക്കണമെന്ന് ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ദീപ്തമായ സ്മരണയ്ക്കുമുമ്പിൽ പ്രാർത്ഥനാപുഷ്പങ്ങൾ സമർപ്പിക്കുന്നു.

എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

**എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2025 ഏപ്രിൽ 22-ാം തീയതി,**

**✠ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം താമസംവിനാ ദൈവാലയങ്ങളിൽ ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

## പരിശുദ്ധ പിതാവിന്റെ തിരഞ്ഞെടുപ്പിനായുള്ള പ്രാർത്ഥന

ഞങ്ങളെ നിത്യം കാത്തുപാലിക്കുന്ന നല്ല ദൈവമേ, അങ്ങയുടെ അജഗണത്തെ നയിക്കുന്നതിന് അങ്ങയുടെ തിരുമനസ്സിന് ഇണങ്ങിയ അജപാലകരെ അങ്ങ് ഞങ്ങൾക്ക് നല്കുന്നുവല്ലോ. പത്രോസിന്റെ പിൻഗാമിയെ തിരഞ്ഞെ ടുക്കാൻ കൂടുന്ന കോൺക്ലേവിലെ എല്ലാ കർദ്ദിനാൾ മാരെയും പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നിറയ്ക്കണമേ. അങ്ങയുടെ തിരുമനസ്സിന് വിധേയരായി ക്രിസ്തുവിന്റെ പ്രതിപുരുഷനെ തിരഞ്ഞെടുക്കാൻ അവരെ അങ്ങ് ഒരുക്കണമേ. ആധുനിക ലോകം ഉയർത്തുന്ന വെല്ലുവിളികളെ മനസ്സിലാക്കി സാർവത്രിക സഭയെ നയിക്കുന്നതിനും പരിപാലിക്കുന്നതിനും ജീവിത വിശുദ്ധിയും വിജ്ഞാനവും വിവേകവുമുള്ള അജപാലക ശ്രേഷ്ഠനെ പാപ്പായായി ഞങ്ങൾക്കു നല്കണമെന്നു പ്രാർത്ഥിക്കുന്നു. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.

ആമേൻ.

1 സ്വർഗ. 1 നന്മ. 1 ത്രിത്വ.

---

N.B.: **ഈ പ്രാർത്ഥന ദൈവാലയങ്ങളിൽ ദിവ്യബലിക്ക് ശേഷവും കുടുംബങ്ങളിൽ കുടുംബപ്രാർത്ഥനയ്ക്ക് ശേഷവും ചൊല്ലേണ്ടതാണ്.**

# CIRCULAR - 13

## മെയ്ദിന സന്ദേശം - 2025

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

മെയ് 1-ാം തീയതി വ്യാഴാഴ്ച തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ നാം ആഘോഷിക്കുന്നു. സാർവ്വദേശീയ തൊഴിലാളി ദിനവുമാണ് അന്ന്. തൊഴിലാളിദിനത്തോടനുബന്ധിച്ച് കെ.സി.ബി.സി. ലേബർ കമ്മീഷൻ പുറപ്പെടുവിച്ച മെയ്ദിന സന്ദേശം അയയ്ക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം **2025 ഏപ്രിൽ 27-ാം തീയതി ഞായറാഴ്ച ദിവ്യബലിമധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.**

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2025 ഏപ്രിൽ 22-ാം തീയതി.

എറണാകുളം
22.04.2025

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2025

### ജൂബിലി വർഷം: "പ്രത്യാശ നമ്മെ നിരാശപ്പെടുത്തുന്നില്ല" (റോമ 5:5)

ഈശോയിൽ പ്രിയപ്പെട്ട തൊഴിലാളി സഹോദരങ്ങളേ,

എല്ലാവർക്കും തൊഴിലാളി ദിനത്തിന്റെയും തൊഴിലാളിയായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിന്റെയും ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

1) ആഗോള തിരുസ്സഭ ജൂബിലി വർഷാചരണത്തിന്റെ നിറവിലാണ്. "പ്രത്യാശയുടെ തീർത്ഥാടകർ" എന്നതാണ് ജൂബിലി വർഷത്തിന്റെ പരിചിന്തന വിഷയം. ജൂബിലിയുടെ ഭാഗമായി 2025 മെയ് 1 മുതൽ 4 വരെയുള്ള ദിവസങ്ങളിൽ റോമിൽ വെച്ച് തൊഴിലാളി കളുടെ ജൂബിലി വർഷം പ്രത്യേകമായി ആചരിക്കപ്പെടുകയാണ്. "ഒത്തൊരുമ, പങ്കാളിത്തം, പ്രേഷിതത്വം" എന്നീ ആശയങ്ങളെ ആധാര മാക്കി 2021 മുതൽ 2024 വരെ നീണ്ടുനിന്ന സിനഡൽ സഭയ്ക്കായുള്ള മെത്രാൻ സിനഡ് സമാപിച്ചത് ഇക്കഴിഞ്ഞ ഒക്ടോബർ മാസത്തിലാണ്. സിനഡൽ തീരുമാനങ്ങൾ എല്ലാ തലങ്ങളിലും നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ് തിരുസ്സഭ. ഈ രണ്ട് മഹാസംഭവങ്ങളുടെ സവിശേഷ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ തൊഴിലാളിദിനം ആചരിക്കുന്നത്. വിവിധ തലങ്ങളിൽ തൊഴിലാളികളുടെ ഒത്തുചേരലു കൾക്കുള്ള വേദികളും സംവിധാനങ്ങളും രൂപപ്പെടുത്താനും, തിരുസ്സഭയുടെ സാമൂഹിക ശുശ്രൂഷയിൽ തൊഴിലാളികൾക്കു കൂടുതൽ പങ്കാളിത്തം നല്കി, യേശുവിന്റെ പ്രേഷിതരായി രൂപപ്പെടുത്താനും അവരെ പ്രത്യാശനിർഭരരാക്കി മുന്നോട്ട് നയിക്കാനും ഈ വർഷത്തെ തൊഴിലാളി ദിനാചാരണം നമ്മെ പ്രചോദിപ്പിക്കുന്നു.

2) അമേരിക്കയിലെ ചിക്കാഗോയിൽ, പ്രതിദിന തൊഴിൽ സമയം എട്ടുമണിക്കൂറായി നിജപ്പെടുത്തുന്നതിനായി തൊഴിലാളികൾ നടത്തിയ സംഘടിത മുന്നേറ്റത്തിന്റെ ഓർമ്മ പുതുക്കൽ എന്ന

നിലയിലാണ് അന്താരാഷ്ട്ര തൊഴിലാളി ദിനമായി മെയ് 1 ആചരിക്കാൻ തുടങ്ങിയത്. പിന്നീട് ഇതര തൊഴിൽ അവകാശങ്ങൾക്കും വേണ്ടി തൊഴിലാളികൾ നടത്തിയ വലിയ സംഘടിതപോരാട്ടത്തിന്റെ ചരിത്രം ഓർമ്മിക്കുന്നതിനും, അതോടൊപ്പം സമൂഹത്തിനു തൊഴിലാളികൾ നല്കിവരുന്ന സംഭാവനകളെ ആദരിക്കുന്നതിനും കൂടിയാണ് അന്താരാഷ്ട്ര തൊഴിലാളി ദിനം ആചരിക്കുന്നത്. മെയ്ദിനത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടാണ് പരിശുദ്ധ പിയൂസ് പന്ത്രണ്ടാമൻ പാപ്പ 1955-ൽ മേയ് 1 തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായി കൂടി പ്രഖ്യാപിച്ചത്. ഇന്ന് തൊഴിലാളികളുടെ അവകാശങ്ങളുടെയും ഐക്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകമാണ് മെയ് 1.

3) ഇന്ത്യയിലെ തൊഴിൽശക്തിയുടെ എണ്ണം 59 കോടിയെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇവരിൽ അൻപത്തിയഞ്ചര കോടിയിലധികം (94 ശതമാനം) പേരും അസംഘടിത തൊഴിലാളികൾ ആണ്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ മാർഗരേഖ പ്രകാരം തൊഴിലെടുക്കുന്ന എല്ലാവർക്കും അന്തസ്സുള്ള തൊഴിൽ ലഭിക്കേണ്ടതായുണ്ട്. ന്യായമായ വേതനം, തൊഴിൽ സംരക്ഷണം, സാമൂഹികസുരക്ഷ, നിയമപരിരക്ഷ, എന്നിവയാണ് അന്തസ്സുള്ള തൊഴിലിന്റെ അടിസ്ഥാന ഘടകങ്ങൾ. അന്തസ്സുള്ള തൊഴിൽ ലഭിക്കാത്ത തൊഴിലാളി വിഭാഗത്തെയാണ് അസംഘടിത തൊഴിലാളികൾ അഥവാ അനൗപചരിക തൊഴിലാളികൾ എന്നു വിളിക്കുന്നത്. ഇന്ത്യൻ തൊഴിൽശക്തിയിലെ 46 ശതമാനത്തിലധികം പേരും കാർഷിക മേഖലയിലാണ് തൊഴിലെടുക്കുന്നത്. അഞ്ച് ഏക്കറിൽ താഴെ കൃഷിഭൂമി സ്വന്തമായിട്ടുള്ള നാമമാത്ര-ചെറുകിടകർഷകരെയും അസംഘടിത തൊഴിലാളി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിലെ അസംഘടിത തൊഴിലാളികളിലെ വലിയ വിഭാഗം കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം എന്നിവ ഉൾപ്പെട്ട പ്രാഥമിക മേഖലയിലാണ് ജീവനോപാധി കണ്ടെത്തുന്നത്. ഏതാണ്ട് നൂറ്റിയിരുപത്തഞ്ചോളം വിഭാഗം തൊഴിലാളികളെ അസംഘടിത തൊഴിലാളികളായി കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, വാണിജ്യ കേന്ദ്രങ്ങളിലെ ജീവന

ക്കാർ, വാഹന തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ, സ്വയം തൊഴിൽ കണ്ടെത്തുന്നവർ ഈ ലിസ്റ്റിലെ പ്രധാനവിഭാഗമാണ്. യൂബർ, സൊമാറ്റോ തുടങ്ങിയ മേഖലകളിൽ തൊഴിലെടുക്കുന്ന ജിഗ് തൊഴിലാളികൾ/പ്ലാറ്റ്ഫോം തൊഴിലാളികൾ എന്ന പുതിയ വിഭാഗം തൊഴിലാളികളെയും അസംഘടിത വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4) വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ എന്നത് അഭിമാനകരമാണ്. രാജ്യത്തിന്റെ വളർച്ചയെ സംബന്ധിച്ച് അന്താരാഷ്ട്ര തലങ്ങളിലുള്ള പല റിപ്പോർട്ടുകളിലും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങി യിട്ടുണ്ട്. 2025 ഫെബ്രുവരി മാസത്തിൽ International Monitary Fund (IMF). പ്രസിദ്ധീകരിച്ചതനുസരിച്ച് ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് വ്യവസ്ഥയിൽ അഞ്ചാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. യു.കെ., ഫ്രാൻസ്, ഇറ്റലി, കാനഡ തുടങ്ങിയ രാഷ്ട്രങ്ങൾ ഇന്ത്യയേക്കാൾ പിന്നിലാണ്. 2024 ലെ യു. എൻ. ഡി. പി റിപ്പോർട്ടനുസരിച്ച് ലോകത്താകമാനം 110 കോടി ദരിദ്രർ ആണുള്ളത്. അതിൽ 23.4 കോടി ദരിദ്രർ വസിക്കുന്നത് ഇന്ത്യയിലാണ്. അതായത് ലോകത്തിൽ ഏറ്റവും കൂടുതൽ ദരിദ്രർ നിവസിക്കുന്ന രാഷ്ട്രം ഇന്ത്യയാണ്. രാഷ്ട്രം കൈവരിക്കുന്ന നേട്ടങ്ങൾ താഴെത്തട്ടിലേക്ക് ആനുപാതികമായി വിനിമയം ചെയ്യപ്പെടുന്നില്ല എന്നതാണ് ഇന്ത്യ അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം. ഇതിന്റെ മുഖ്യകാരണമായി സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യൻ തൊഴിൽ ശക്തിയിലുള്ള അസംഘടിതാവസ്ഥയാണ്. അസംഘടിത തൊഴിലാളികളാണ് ഇന്ത്യയിലെ ദരിദ്രർ. തൊഴിൽ ലഭ്യതക്കുറവ്, കുറഞ്ഞ വേതനം, സാമൂഹിക സുരക്ഷയില്ലായ്മ, സമഗ്രമായ നിയമ പരിരക്ഷയില്ലായ്മ എന്നിവയാണ് അസംഘടിത തൊഴിലാളികളെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നത്. അസംഘടിത തൊഴിലാളികളുടെ വരുമാനം ഉയർത്തുവാൻ ഏറെ സഹായകരമായ മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കും ഇതര സാമൂഹിക സുരക്ഷാ പദ്ധതികൾക്കും മതിയായ വകയിരുത്തൽ ഇല്ലാതെ പോകുന്നതും ഇന്ത്യൻ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ കാര്യക്ഷമത കുറച്ചിട്ടുണ്ട്. പദ്ധതികളും പ്രഖ്യാപനങ്ങളും ധാരാളം ഉണ്ടെങ്കിലും കാര്യക്ഷമമായി നടപ്പിലാക്കപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അർഹമായത്

നിഷേധിക്കുകയും പ്രതിഷേധങ്ങളെ അവഗണിക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാരുകൾ സ്വീകരിക്കുന്നത്. മുഖ്യധാരാ ട്രേഡ് യൂണിയനുകൾ കടമ നിർവഹിക്കുന്നതിൽ പരാജയപ്പെടുകയോ അധികാരികൾക്ക് കീഴ്പ്പെടുകയോ ചെയ്തിരിക്കുന്നു. ഭരണാധികാരികളും, രാഷ്ട്രീയ കക്ഷികളും, കേന്ദ്രട്രേഡ് യൂണിയനുകളും അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗൗരവതരമായി പരിഗണിക്കണം.

5) അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാനുള്ള വിവിധ പദ്ധതികളിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും രാജ്യത്തിനു തന്നെ മാതൃകയാകാൻ കേരളത്തിനു സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരമാണ്. എന്നാൽ തൊഴിലാളി അനുകൂല സംസ്ഥാനം എന്ന കേരളത്തിനു ചാർത്തപ്പെട്ടിട്ടുള്ള സല്പേരിനു ഇന്നു കളങ്കം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അസംഘടിത തൊഴിലാളികൾക്ക് നൽകേണ്ട പെൻഷൻ ഉൾപ്പടെയുള്ള നിരവധി ആനുകൂല്യങ്ങൾ കുടിശ്ശികയായിരിക്കുകയാണ്. സാധാരണ തൊഴിലാളികൾ നടത്തുന്ന അവകാശ സമരങ്ങളോട് നിഷേധാത്മക നിലപാടുകളാണ് അധികാരികൾ സ്വീകരിക്കാറുള്ളത്. അവകാശ സമരങ്ങളെ കേൾക്കാനും പരിഹാരം കാണാനും ജനാധിപത്യ സർക്കാരുകൾക്ക് കഴിയേണ്ടതുണ്ട്. അഭ്യസ്ഥവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ യുവജനങ്ങളെ നാടുവിടാൻ പ്രേരിപ്പിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം, ഉല്പന്നങ്ങളുടെ വിലക്കുറവ് എന്നിവ മൂലം കാർഷിക-മത്സ്യബന്ധന മേഖലകൾ വലിയ പ്രതിസന്ധിയിലായിരിക്കുന്നു. കൂടാതെ മലയോര മേഖലയിലെ വന്യജീവികളുടെ ആക്രമണം, കടലിൽ നിന്നും മണ്ണുഖനനം ചെയ്യാനുള്ള പുറപ്പാട് എന്നിവ കൂനിന്മേൽ കുരു എന്നതു പോലെ ആയിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാളി സൗഹൃദ സംസ്ഥാനം എന്ന പദവി വീണ്ടെടുക്കാൻ സംസ്ഥാന സർക്കാരും, രാഷ്ട്രീയ കക്ഷികളും, ട്രേഡ് യൂണിയനുകളും ഒത്തൊരുമിച്ച് ശ്രമിക്കേണ്ടിയിരിക്കുന്നു.

6) ഈ ജൂബിലി വർഷത്തിൽ അസംഘടിത തൊഴിലാളികൾക്ക് പ്രത്യാശ പകർന്നു നൽകാൻ തിരുസ്സഭാ മാതാവ് എല്ലാ ക്രൈസ്തവരെയും ആഹ്വാനം ചെയ്യുന്നു. "ഈ കാലഘട്ടത്തിലെ മനുഷ്യരുടെ,

പ്രത്യേകിച്ച് ദരിദ്രരോ ഏതെങ്കിലും വിധത്തിൽ ദുരിതമനുഭവിക്കുന്നവരോ ആയവരുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും, ക്രിസ്തുവിന്റെ അനുയായികളുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും തന്നെയാണ്." (സഭ ആധുനിക ലോകത്തിൽ, 1) എന്നതാണ് തിരുസഭയുടെ കാഴ്ചപ്പാട്. "ദൈവത്തിലേക്ക് നാം ദൃഷ്ടികൾ ഉയർത്തുമ്പോൾ, ചരിത്രത്തിലെ ദുരന്തങ്ങളിൽ നിന്ന് അത് നമ്മെ അകറ്റുന്നില്ല. പകരം, അത് നമ്മുടെ ചുറ്റുമുള്ളവരുടെ കഷ്ടപ്പാടുകളിലേക്ക് കൂടി നമ്മുടെ കണ്ണുകൾ തുറക്കുന്നു". (ഫ്രാൻസിസ് പാപ്പ, സിനഡിന്റെ അന്തിമ പ്രസ്താവന നമ്പർ 2).

7) കെസിബിസി ലേബർ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെൻറ് കെ.എൽ.എം. സിബിസിഐ ലേബർ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള റീജണൽ ഘടകമാണ്. KLM ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടണം. KLM വഴി എല്ലാ തൊഴിലാളികളെയും ഏതെങ്കിലും സാമൂഹിക സുരക്ഷാ പദ്ധതികളുടെ ഭാഗമാക്കണം. തൊഴിലാളികളുടെ വരുമാന സുരക്ഷ ഉറപ്പാക്കാനും, സമ്പാദ്യശീലം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. തൊഴിലാളി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായി അല്മായർക്ക് പരിശീലനം നൽകി അവരെ സജ്ജരാക്കണം. മെയ് ദിനാചരണത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും പ്രത്യേക പരിപാടികൾ ആവിഷ്കരിക്കണം.

8) ജൂബിലി വർഷസന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞിട്ടുള്ളതുപോലെ, "ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ പോലും ഇല്ലാത്ത കോടിക്കണക്കിന് ദരിദ്രർക്ക് പ്രത്യാശ നൽകണമെന്ന് ഞാൻ പൂർണ്ണഹൃദയത്തോടെ അപേക്ഷിക്കുന്നു. പുതിയ തരത്തിലുള്ള ദാരിദ്ര്യത്തിന്റെ നിരന്തരമായ വേലിയേറ്റത്തിന് മുമ്പ്, നമുക്ക് എളുപ്പത്തിൽ നിരാശരാകാനും നിസ്സംഗരാകാനും കഴിയും. എന്നിരുന്നാലും, ലോകത്തിന്റെ ചില ഭാഗങ്ങളിൽ മാത്രമല്ല, നമുക്ക്

ചുറ്റും ഇപ്പോൾ നേരിടുന്ന നാടകീയമായ സാഹചര്യങ്ങൾക്ക് നേരെ നാം കണ്ണടയ്ക്കരുത്'... നമ്മൾ മറക്കരുത്: ദരിദ്രർ എല്ലായ്പ്പോഴും ഇരകളാണ്, കുറ്റപ്പെടുത്തേണ്ടവരല്ല" (ജൂബിലി വർഷ സന്ദേശം,15).

**ഉപസംഹാരം**

"ശിമയോൻ പറഞ്ഞു: ഗുരോ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം. വലയിറക്കിയപ്പോൾ വളരെയേറെ മത്സ്യങ്ങൾ അവർക്ക് കിട്ടി. അവരുടെ വല കീറിത്തുടങ്ങി" (ലൂക്ക 5:5,6). പ്രിയ തൊഴിലാളി സഹോദരങ്ങളെ, നിരവധി പ്രതിസന്ധികളിലൂടെയാണ് നമ്മുടെ കുടുംബങ്ങൾ കടന്നു പോകുന്നതെന്നറിയാം. വിശുദ്ധ ശെമയോൻ പത്രോസിനെ പോലെ പ്രത്യാശയോടെ ദൈവാനുഗ്രഹത്തോടെ നമുക്ക് മുന്നേറാം. തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപ എല്ലാവരിലും ഉണ്ടാകട്ടെ.

കെ.സി.ബി.സി ലേബർ കമ്മീഷനു വേണ്ടി,

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ

# NOTIFICATION - 6

## ANNUAL RETREAT FOR PRIESTS
## ( July 20 - August 1, 2025)

Dear Reverend Fathers,

The Annual Retreat for the priests of our Archdiocese will be conducted in Ashirbhavan, Ernakulam, as usual in two sessions in the order given below.

The first session of the retreat will begin in the evening of July 20-25, 2025 and the second in the evening of July 27 - August 1, 2025.

**Rev. Dr. Martin N. Antony O.deM,** *Delegate Superior, Mercidarians, Edakochi* has kindly consented to preach the retreat.

**Please note your name in the list and in case there is a serious reason for you to change from one batch to the other, please inform Archdiocesan Curia latest by June 30, 2025.**

The Rev. Parish Priests, who leave their parish for the annual retreat, during their absence, shall entrust the care of the parish either to the Assistant Priest, if there is one, or to the priests of the neighbouring parish. I hereby grant necessary faculties to such priests as far as they may need.

The Rev. Fathers may inform the faithful about the annual retreat of the clergy and exhort them to pray for the sanctification of their pastors and all the priests of the Archdiocese.

In accordance with Canon 958§2 the Mass intention books are to be inspected by the Ordinary. Hence all the Rev. Fathers are requested to present their Mass Diaries during the days of retreat for examination. Rev. Fathers whose faculties for hearing confessions expired are hereby reminded to get their faculties duly extended without any break.

With cordial blessings,

Ernakulam
22.04.2025

✠ **Joseph Kalathiparambil**
Archbishop of Verapoly

# ANNUAL RETREAT 2025

## JULY 20 - 25

**First Batch**

1. Msgr. Mathew Kallinkal
2. Msgr. Cletus Parambaloth
3. Msgr. Joseph Etturuthil
4. Rev. Fr. Alex Kurisuparambil
5. Rev. Fr. Allphin Antony Kochuveettil
6. Rev. Fr. Aloysius Thaiparambil
7. Rev. Fr. Alwin Paul Mattupurath
8. Rev. Fr. Anton Oliparambil
9. Rev. Fr. Antony Bibu Kadamparambil
10. Rev. Fr. Antony Jibin Kaimaleth
11. Rev. Fr. Antony Karippatt
12. Rev. Fr. Antony Lijo Odathakal
13. Rev. Fr. Antony Pascal Theruviparambil
14. Rev. Fr. Antony Sijan Manuveliparambil
15. Rev. Fr. Antony Vacko Arackal
16. Rev. Fr. Antony Vellayil
17. Rev. Fr. Augustine Shelbin Variath
18. Rev. Fr. Bevin Thomas Kalloor
19. Rev. Fr. Charles Lopez
20. Rev. Fr. Clement Valluvassery
21. Rev. Fr. Denny Palackaparambil
22. Rev. Fr. Ebin Jos Variath
23. Rev. Fr. Ebin Vivera Thekkekanissery

24. Rev. Fr. Emmanuel Azure Alex Panakkal
25. Rev. Fr. Felix Chullickal
26. Rev. Fr. Francis D'Silva
27. Rev. Fr. Francis Glanson Aruja
28. Rev. Fr. Francis Koikaranparambil
29. Rev. Fr. Francis Xavier Thannikaparambil
30. Rev. Fr. George Jithu Vattappilly
31. Rev. Fr. George Joseph Thoundayil
32. Rev. Fr. George Kuruppath
33. Rev. Fr. George Mangalath
34. Rev. Fr. George Mathirapilly
35. Rev. Fr. Gino George Kadungamparambil
36. Rev. Fr. Godson Antony Chamminikodath
37. Rev. Fr. JaisonVadassery
38. Rev. Fr. Jayan Payyappilly
39. Rev. Fr. Jerome Chamminikodath
40. Rev. Fr. Jipson Thomas Chanayil
41. Rev. Fr. Jixon Johny Cheriyil
42. Rev. Fr. Job Vazhakoottathil
43. Rev. Fr. John Palliparambil
44. Rev. Fr. Joji Kuthukatt
45. Rev. Fr. Jolly Thappalodath
46. Rev. Fr. Josemon George Pazhanilath
47. Rev. Fr. Joseph Benny Karingat
48. Rev. Fr. Joseph Biju Kalloor
49. Rev. Fr. Joseph Collins Elenjikal

50. Rev. Fr. Joseph Karikkassery
51. Rev. Fr. Joseph Oliparambil (Jr.)
52. Rev. Fr. Joseph Vakayil
53. Rev. Fr. Joseph Vibin Choothamparambil
54. Rev. Fr. Josy Joseph Kochappilly
55. Rev. Fr. Justin Attullil
56. Rev. Fr. Lazer Sinto Thaiparambil
57. Rev. Fr. Lipin Jose Kooliyath
58. Rev. Fr. Manuel Lopez
59. Rev. Fr. Martin Thaiparambil
60. Rev. Fr. Martin Azhikkakath
61. Rev. Fr. Martin Garrison Paiva Palliparambil
62. Rev. Fr. Mathew D'Cunha
63. Rev. Fr. Mathew Sojan Maliekal
64. Rev. Fr. Michael D'Cruz Arakal
65. Rev. Fr. Norbin Pazhampilly
66. Rev. Fr. Paul Nidhin Kuttissery
67. Rev. Fr. Paul Thundiyil
68. Rev. Fr. Paulson Kottiyath
69. Rev. Fr. Paulson Simethy
70. Rev. Fr. Paxon Francis Palliparambil
71. Rev. Fr. Peter Kochuveettil
72. Rev. Fr. Prasad Jose Kanapilly
73. Rev. Fr. Raphael Stinil Chanassery
74. Rev. Fr. Renil Thomas Ittikkunnath
75. Rev. Fr. Rockey Joslin Chakkalakkal

76. Rev. Fr. Rockey Kollamparambil
77. Rev. Fr. Rockey Thengapurackal
78. Rev. Fr. Rony Joseph Manakil
79. Rev. Fr. Saju Antony Mundempilly
80. Rev. Fr. Savio Antony Thekkepadath
81. Rev. Fr. Sebastian George Adichiyil
82. Rev. Fr. Sebastian Karukappilly
83. Rev. Fr. Sebastian Oliparambil
84. Rev. Fr. Sebastian Vattaparambil
85. Rev. Fr. Shine Jose Chilangara
86. Rev. Fr. Shine Pauly Kalathil
87. Rev. Fr. Shinoj Raphael Arancherry
88. Rev. Fr. Sinu Cleetus Chamminikodath
89. Rev. Fr. Stephen Alathara
90. Rev. Fr. Sujith Stanly Naduvileveettil
91. Rev. Fr. Sunil Mudavassery
92. Rev. Fr. Thadeus Babu Vavakatt
93. Rev. Fr. Thomas Pulickal
94. Rev. Fr. Varghese Valiyaparambil
95. Rev. Fr. Vimal Francis Pandaraparambil
96. Rev. Fr. Vincent Variath
97. Rev. Fr. William Charles Thaikkoottathil
98. Rev. Fr. William Nellikkal
99. Rev. Fr. Xavier Sebastian Padiyaramparambil
100. Rev. Fr. Yesudas Pazhampilly

# ANNUAL RETREAT 2025

## JULY 27 - AUGUST 1

**Second Batch**

1. Msgr. Mathew Elanjimattom
2. Msgr. Sebastian Luiz
3. Rev. Fr. Abi Francis Durom
4. Rev. Fr. Albert George Xavier Kattukandathil
5. Rev. Fr. Alphonse Panakal
6. Rev. Fr. Anil Antony Theruvil
7. Rev. Fr. Antony Anand Mannalil
8. Rev. Fr. Antony Cheriakadavil
9. Rev. Fr. Antony Dominic Figarado
10. Rev. Fr. Antony Francis Manaparambil
11. Rev. Fr. Antony Kocherry
12. Rev. Fr. Antony Koppandussery
13. Rev. Fr. Antony Mulloor
14. Rev. Fr. Antony Raphael Komaranchath
15. Rev. Fr. Antony Shine Kattuparambil
16. Rev. Fr. Antony Thoppil
17. Rev. Fr. Ashish Augustin Thundiparambil
18. Rev. Fr. Augustine Baiju Kuttikkal
19. Rev. Fr. Augustine Isaac Kurisinkal
20. Rev. Fr. Augustine Roshan Kalloor
21. Rev. Fr. Benson George Alappatt
22. Rev. Fr. Bijoy Augustine Marottickal
23. Rev. Fr. Binil Sebastian Palliparambil

24. Rev. Fr. Colin Pulickal
25. Rev. Fr. Denny Mathew Peringat
26. Rev. Fr. Dominic Kanappilly
27. Rev. Fr. Douglas Pinheiro
28. Rev. Fr. Ebigin Arackal
29. Rev. Fr. Edison Joseph Villanassery
30. Rev. Fr. Febin Joseph Kizhavana
31. Rev. Fr. Felix Chackalackal
32. Rev. Fr. Fostin Fernandez Janmaparambil
33. Rev. Fr. Francis Dixon Fernandez
34. Rev. Fr. Francis Marottikaparambil
35. Rev. Fr. Francis Peediekal
36. Rev. Fr. George Arackal
37. Rev. Fr. George Kalathiparambil
38. Rev. Fr. George Sequeira
39. Rev. Fr. Jacob Baiju Ben Pashniparambil
40. Rev. Fr. James Shaiju Thoppil
41. Rev. Fr. Jenin Antony Marottiparambil
42. Rev. Fr. Jenson Livera Ithithara
43. Rev. Fr. Jibin George Mathirappilly
44. Rev. Fr. Jibu Varghese Thaithara
45. Rev. Fr. Jiju Cleetus Thiyadi
46. Rev. Fr. Jilu Jose Mulloor
47. Rev. Fr. Jobin Panikulam
48. Rev. Fr. Joby Alappatt
49. Rev. Fr. John Capistan Lopez

50. Rev. Fr. John Christopher Vadassery
51. Rev. Fr. John Kanakassery
52. Rev. Fr. Johnson D'Cunha
53. Rev. Fr. Jolly John Odathackal
54. Rev. Fr. Jose Dominic Chooreparambil
55. Rev. Fr. Jose Thannipilly
56. Rev. Fr. Joseph Alphonse Puthenveettil
57. Rev. Fr. Joseph Antony Palliparambil
58. Rev. Fr. Joseph Biju Thattarassery
59. Rev. Fr. Joseph Chelat
60. Rev. Fr. Joseph Joshy Nedumparambil
61. Rev. Fr. Joseph Panikkassery
62. Rev. Fr. Joseph Sherin Chemmayath
63. Rev. Fr. Joseph Thattarassery
64. Rev. Fr. Joseph Thoppil
65. Rev. Fr. Joseph Tony Karvalio Muringanath
66. Rev. Fr. Judis Panakal
67. Rev. Fr. Kurian Maraparambil
68. Rev. Fr. Lijo Joshy Puliparambil
69. Rev. Fr. Lithin Jose Nedumparambil
70. Rev. Fr. Manoj Francis Marottickal
71. Rev. Fr. Manuel Kuthukatt
72. Rev. Fr. Marydas Kochery
73. Rev. Fr. Mathew Jomson Thottunkal
74. Rev. Fr. Merton D'Silva Malieckal
75. Rev. Fr. Midhun Joseph Chemmayath

76. Rev. Fr. Mixon Raphael Puthanparambil
77. Rev. Fr. Nibin Kuriakose Pappaliparambil
78. Rev. Fr. Nijin Joseph Kattiparambil
79. Rev. Fr. Nivin Nixon Puthukkada
80. Rev. Fr. Patrick Elavunkal
81. Rev. Fr. Peter Ambalathinkal
82. Rev. Fr. Philip Thaiparambil
83. Rev. Fr. Prince Xavier Kannothuparambil
84. Rev. Fr. Rajeev Jose Kainikat
85. Rev. Fr. Raphael Kalluveettil
86. Rev. Fr. Raymond Pallan
87. Rev. Fr. Rinoy Xavier Kalapurakkal
88. Rev. Fr. Robinson Panackal
89. Rev. Fr. Roshan Jacob Mulloor
90. Rev. Fr. Roshan Raphael Neissery
91. Rev. Fr. Sabu Nedunilath
92. Rev. Fr. Sebastian Joby Aseethuparambil
93. Rev. Fr. Sebastian Moonukoottungal
94. Rev. Fr. Sebastian Sony Kalathil
95. Rev. Fr. Sebi Victor Thundiparambil
96. Rev. Fr. Shamil Joseph Thykkoottathil
97. Rev. Fr. Sibin Josy Nellissery
98. Rev. Fr. Smijo George Kalathiparambil
99. Rev. Fr. Sobin Stanlin Pallath
100. Rev. Fr. Sonu Ambrose Ithithara

101. Rev. Fr. Stanley Mathirappilly
102. Rev. Fr. Thomas Shobin Kuttikkatt
103. Rev. Fr. Tijo Thomas Kolothumveettil
104. Rev. Fr. Titus Antony Kurisuveettil
105. Rev. Fr. Varghese Sojan Thoppil
106. Rev. Fr. Vincent Naduvilaparambil
107. Rev. Fr. Xavier Sajan Padiyaramparambil
108. Rev. Fr. Zacharias Pavanathara

# CASUS
# MAY 2025

**Q:** *Before my father passed away, he gave me a relic of the Holy Cross surrounded by gems that he received many years ago from a religious sister, who obtained it from a cardinal. It has the original seal on the back, and I also have the 1966 document in Latin from the Vicar General of His Holiness the Pope about its authenticity.*

My question is, am I permitted to have this relic in my private home, or should this be turned over to someone else in the Church? I want to transfer this relic to my nephew… John

**A:** Many private individuals all over the world possess Catholic relics like the one John describes. Generally, it would never occur to them that being the owner of a saint's bone or piece of clothing, or a piece of the Cross like John's, might run afoul of canon law. But John was searching for information and he stumbled across canon 1190,§2, which says this:

Distinguished relics, and others which are held in great veneration by the people, may not validly be alienated or transferred in any way on a permanent basis, without the permission of the Apostolic See.

As John points out, he knows that the reliquary which he now owns has over the years been handed on or *alienated* from one person to another to another. Since the Holy Cross is certainly a "distinguished relic," and/or one that is "held in great veneration by the people," he is logically concerned that without knowing it, he was given this relic illegally. And since he would now like to give it as a gift to his nephew, John is worried that this would be illegal too. But is it?

Let's first define what we mean by the term *relic*. From the earliest days of the Church, Christians instinctively venerated the bodies of

those who had willingly died rather than renounce their faith. During the Christian persecutions which took place during the reigns of various (not all!) Roman Emperors, the bodies or in many cases, mangled body parts that had been ripped apart by animals, burned by fire, etc. of such martyrs were carefully gathered and buried by other Christians. This veneration of the corporal remains of saints continues to this day.

Actual pieces of a saint's body, usually bone or hair, are today known as *first-class relics.* (The other major relic which is included in the first class is the wood of the Cross, Reliquary with the tooth of Saint Apollonia, in the Cathedral of Porto, Portugal.) The term *second-class relic* refers to the clothing of a saint, or other personal effects like a pair of glasses or a rosary. *Third-class relics* also exist; these are ordinarily pieces of cloth which were touched to either a first- or a second-class relic.

It is absolutely forbidden to sell relics as per canon 1190,§1.

The Latin wording of this canon is very strong, as it uses the phrase *nefasest*. This is hard to translate literally into English, but it basically means that such an action is absolutely, positively unthinkable. Accepting money in exchange for a relic is never, ever to be done.

Remember this when you see relics for sale on the internet! To be fair, sometimes a reasonable claim can be made that you're being asked to pay not for the relic itself, but for the reliquary that contains it which is frequently made of gold and precious stones. But in far too many cases, such an argument simply doesn't hold water.

But while relics may not be sold, the Church has been giving relics free of charge to dioceses, parish churches, religious institutes, and even private individuals for centuries. Ideally they are sealed in some sort of case, with a wax seal to indicate their authenticity, just as John describes his relic of the Cross. There's one reason in particular why

the Church frequently gives out relics: most Catholics probably don't realize that in every consecrated altar, in every Catholic church around the world, there should be at least one first-class relic, as per canon 1237, §2. The practice of celebrating the Mass over the relics of saints apparently goes all the way back to the early centuries of the Church, when priests took to celebrating Mass on top of the tombs of the martyrs.

Not surprisingly, nowadays there is an office in the Vatican which takes care of relics. After all, if a bishop wants to build a brand-new parish church in honor of (let's say) Saint Matthew the Evangelist, there will be at least one permanent altar in that church—and the bishop will have to obtain one or more relics to put inside it when he consecrates it. He will therefore write to request a relic(s) from the *Sacrario Apostolico*; and since the new church will be named in honor of Saint Matthew, the bishop will most likely ask the Vatican for a relic of Saint Matthew if that's possible. The relics provided by the Vatican are sealed in a small case—that can't easily be opened by someone who wants to steal the relic and replace it with a fake—accompanied by documentation attesting to their authenticity. You can see that the Church has come a long way since the 800's, when Deacon Deusdona handed over the random bones of strangers as "saints' relics," in exchange for money.

In 1994, the Vatican issued new norms for the concession of relics. According to these norms, the Vatican does not give first- or second-class relics to private individuals, unlike in centuries past. These relics can be requested only for public veneration in a church, oratory or chapel. And it is this sort of church property that is being referenced in the canon which confused John: canon 1190, §2, quoted above, pertains to relics that are housed in churches, monasteries, shrines, etc., where they are venerated by the Christian faithful. If entities like these

have got a reliquary with the bone of a saint or a piece of the Cross, their administrators - the parish priest, the abbot of the monastery, or even the diocesan bishop himself - cannot decide on their own authority to remove that reliquary and give it to somebody else. This is the sort of unauthorized alienation of relics that is not permitted by canon law.

So how does John's reliquary fit into all this? Unlike so many owners of small reliquaries, he can actually trace its ownership back for quite a few years. Note that there is absolutely no suggestion that anybody wrongly sold the reliquary, as John notes that a cardinal gave it to a religious sister, who gave it to his father. So how did the cardinal get it? Is there something fishy going on here?

Not at all. While the current law states that the Vatican will not give first-class relics - and they specifically mention relics of the Cross in this category - to private persons, the undeniable fact is that for centuries, private persons were frequently given all sorts of relics by church authorities, whose actions were altogether legal at the time. Note that there are also plenty of relics that were never in the possession of church authorities to begin with: to cite a recent example, Pope John Paul II used frequently to give his white zucchetto (the hat all Popes wear) to individual members of the faithful as a gift. Now that he has been canonized a saint, all those zucchetti have become second-class relics… and they are private property. While the *Sacrario Apostolico* would never give one of Saint John Paul II's zucchetti to a private person, many private persons nonetheless own them lawfully, having obtained them through other entirely legitimate means.

By now it should be clear why there's absolutely nothing wrong with the fact that John personally owns a relic of the Cross - even though it's legally impossible for anyone today to obtain one personally from Rome. If he wants to give it as a gift to his nephew, he is totally free to do so.

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre,  Kakkanad, Kochi - 21